പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. T 2239 | 5/12/2018 ൽ മറുപടി<br>നല്കേണ്ടത്. |

## ഫോർമാലിൻ രാസവസ്തു മത്സ്യത്തിൽ ചേർക്കുന്നത് തടയാൻ സ്വീകരിച്ച നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത- ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) | ഫോർമാലിൻ ഉൾപ്പെടെയുള്ള രാസവസ്തുക്കൾ മത്സ്യത്തിൽ ചേർക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | കേരളത്തിലെ പ്രധാന ചെക്ക് പോസ്റ്റുകളിലും, മൽസ്യ വിപണന കേന്ദ്രങ്ങളിലും, ഹാർബറുകളിലും നിരന്തരമായി പരിശോധനകൾ നടത്തി വരുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ മത്സ്യ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ലാബുകളിൽ പരിശോധനയ്ക്ക് നൽകുകയും പ്രസ്തുത പരിശോധനയിൽ രാസ വസ്തുക്കൾ കണ്ടെത്തുകയാണെങ്കിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന നിയമ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.<br>ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അഭ്യർത്ഥനയെ തുടർന്ന് CIFT (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി) വികസിപ്പിച്ചെടുത്ത കിറ്റുകൾ മത്സ്യത്തിൽ ഫോർമാലിന്റെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനുള്ള പ്രാരംഭ പരിശോധനയ്ക്ക് സഹായിക്കുന്നുണ്ട്. ഇത്തരത്തിൽ ഫോർമാലിൻ കണ്ടെത്തുന്ന മത്സ്യങ്ങളുടെ വിൽപന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്. മത്സ്യത്തിൽ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ സാഗർ റാണി' എന്ന പദ്ധതി പുതുതായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | ഫോർമാലിൻ ചേർത്ത മത്സ്യങ്ങൾ കഴിച്ചാലുണ്ടാകുന്ന രോഗങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | ബി) | മൃതശരീരങ്ങൾ കേട്കൂടാതെ സൂക്ഷിക്കുന്നതിനുപയോഗിക്കുന്ന രാസവസ്തു ആണ് ഫോർമാലിൻ ഇത് ചേർത്ത മത്സ്യങ്ങൾ കഴിക്കുന്നത് പലവിധ ആരോഗ്യപ്രശ്നങ്ങൾക്കും വഴിവയ്ക്കും . ഫോർമാലിൻ ശരീരത്തിലെ എല്ലാ അവയവങ്ങളേയും ബാധിക്കുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഉദര സംബന്ധമായ രോഗങ്ങൾ ശ്വാസകോശങ്ങൾ, നാഡീവ്യൂഹത്തെ ബാധിക്കുന്ന രോഗങ്ങൾ, കരൾ, വൃക്ക രോഗങ്ങൾ, ഹൃദ്രോഗങ്ങൾ, ക്യാൻസർ തുടങ്ങിയ വിവിധ രോഗങ്ങൾ ഫോർമാലിന്റെ ഉപഭോഗംകൊണ്ട് സംഭവിക്കാവുന്നതാണ്. ഇതിന് പുറമേ തൊലിപ്പുറത്തുണ്ടാകുന്ന അലർജി, നേത്ര സംബന്ധമായ അലർജി തുടങ്ങി അസ്വസ്ഥതകളും ഫോർമാലിനുമായി നേരിട്ടുള്ള ഇടപെടലിലൂടെ സംഭവിക്കാവുന്നതാണ്. |
| സി) | ഇത്തരം മത്സ്യങ്ങൾ കഴിച്ച് സംസ്ഥാനത്തെ ഏതെല്ലാം പ്രദേശങ്ങളിൽ എത്ര പേർക്ക് ഏതെല്ലാം തരത്തിലുള്ള രോഗങ്ങൾ പിടിപെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | സി) | ഇതുവരെ ഇതുസംബന്ധിച്ച റിപ്പോർട്ടൊന്നും ലഭ്യമായിട്ടില്ല. |
| ഡി) | ഫോർമാലിൻ ചേർത്ത മത്സ്യങ്ങൾ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | ലഭ്യമായ വിവരങ്ങൾ പ്രകാരം ഫോർമാലിൻ ചേർത്ത മത്സ്യങ്ങൾ തമിഴ്നാട്, ആന്ധ്രാ പ്രദേശ് എന്നിവിടങ്ങളിൽ നിന്നാണ് സംസ്ഥാനത്ത് എത്തുന്നത്. |

സെക്ഷൻ ഓഫീസർ